**"CORRUPTION, A CRIME AGAINST NATION"**

വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ
695033 തിരുവനന്തപുരം
E-mail:vig.vacb@kerala.gov.in
ഫോൺ നം . 0471-2305393
തീയതി 16.05.2025

# വിജിലൻസിന്റെ ട്രിപ്പിൾ ട്രാപ്പ്:- രണ്ട് ദിവസത്തിനുള്ളിൽ മൂന്ന് ട്രാപ്പ് കേസ്സുകൾ.

കഴിഞ്ഞ രണ്ട് ദിവസങ്ങളിലായി മൂന്ന് ട്രാപ്പ് കേസ്സുകളാലായി നാല് പേരെയാണ് വിജിലൻസ് അറസ്റ്റ് ചെയ്തത്. ചുരുങ്ങിയ സമയത്തിനുള്ളിൽ വിജിലൻസ് വിജയകരമായി നടത്തിയ ട്രാപ്പ് കേസുകളുടെ എണ്ണത്തിൽ ഇത് സർവ്വകാല റെക്കോർഡാണ്. 10,000/- രൂപ കൈക്കൂലി വാങ്ങവേ വയനാട് മുട്ടിൽ കെ.എസ്സ്.ഇ.ബി ഓവർസിയർ ചെല്ലപ്പനെയും, ഇ.ഡി കേസ്സുകൾ ഒഴിവാക്കി കൊടുക്കാമെന്ന് പറഞ്ഞ് 2,00,000/- രൂപ കൈക്കൂലി വാങ്ങിയ ഏജന്റുമാരായ എറണാകുളം തമ്മനം സ്വദേശി വിൽസൺ, രാജസ്ഥാൻ സ്വദേശി മുരളി മുകേഷ് എന്നിവരെയും, പി.എഫ് അക്കൗണ്ടിലെ തുക മാറി കൊടുക്കുന്നതിന് 10,000/- രൂപയും 90,000/- രൂപയുടെ ചെക്കും ഉൾപ്പടെ 1,00,000/- രൂപ കൈക്കൂലി വാങ്ങിയതിന് കോഴിക്കോട് ജില്ലയിലെ വടകര പാക്കയിൽ ജെ.ബി യു.പി സ്കൂൾ ഹെഡ്മാസ്റ്ററായ ഇ.വി.രവീന്ദ്രനെയുമാണ് വിജിലൻസ് കെണിയൊരുക്കി കൈയ്യോടെ പിടികൂടിയത്.

വയനാട് ജില്ലയിൽ മേപ്പാടി തൃക്കൈപ്പറ്റ സ്വദേശിയായ പരാതിക്കാരൻ പുതുതായി പണികഴിപ്പിക്കുന്ന വീടിന്റെ നിർമ്മാണ പ്രവർത്തികൾക്കായി വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിന് 2025 മെയ് മാസം രണ്ടാമത്തെ ആഴ്ചയിൽ ഓൺ ലൈനായി കെ.എസ്സ്.ഇ.ബി. യ്ക്ക് അപേക്ഷ സമർപ്പിച്ചിരുന്നു. അപേക്ഷ നൽകി രണ്ട് ദിവസത്തിന് ശേഷം വയനാട് മുട്ടിൽ കെ.എസ്സ്.ഇ.ബി ഓഫീസിൽ നിന്നും ഓവർസിയർ എത്തി സ്ഥല പരിശോധന നടത്തി വൈദ്യുതി കണക്ഷന് ഫീസ് അടക്കാൻ നിർദേശിച്ച ശേഷം തിരികെ പോയി. അപ്രകാരം പരാതിക്കാരൻ 12.05.2025 തീയതി മുട്ടിൽ കെ.എസ്സ്.ഇ.ബി ഓഫീസിൽ എത്തി 3914/- രൂപ ഫീസ് അടയ്ക്കുകയും ചെയ്തിരുന്നു. തുടർന്ന് പരാതിക്കാരൻ വൈദ്യുതി കണക്ഷൻ കിട്ടുന്നതിനെ കുറിച്ച് ഓഫീസിലെത്തി അന്വേഷിച്ചതിൽ ഓവർസിയർ ചെല്ലപ്പനെ നേരിട്ട് കാണുന്നതിന് ഓഫീസിൽ ഉണ്ടായിരുന്നവർ അറിയിക്കുകയും അപ്രകാരം പരാതിക്കാരൻ ഓവർസിയർ ചെല്ലപ്പനെ നേരിൽ കണ്ടപ്പോൾ മീറ്റർ സ്റ്റോക്കില്ലായെന്നും പിറ്റേന്ന് വരാനും പറഞ്ഞ് പരാതിക്കാരനെ തിരികെ അയച്ചു. തുടർന്ന് പരാതിക്കാരൻ 13.05.2025 തീയതി മുട്ടിൽ കെ.എസ്സ്.ഇ.ബി

ഓഫീസിൽ വീണ്ടും എത്തിയ സമയം ഓവർസിയർ ചെല്ലപ്പൻ പരാതിക്കാരനോട് കാണേണ്ടവിധത്തിൽ തന്നെ കണ്ടാൽ പ്രയോറിറ്റി ലിസ്റ്റിൽ പരാതിക്കാരനെ ഉൾപ്പെടുത്തി ഉടനെ വൈദ്യുതി കണക്ഷൻ നൽകാമെന്നും കണക്ഷൻ വേണമെങ്കിൽ 10000/- രൂപ കൈക്കൂലിയായി നൽകണമെന്നും അല്ലെങ്കിൽ സീനിയോറിറ്റി പ്രകാരമേ കണക്ഷൻ തരാൻ കഴിയുകയുള്ളുവെന്നും പറഞ്ഞു. കൈക്കൂലി നൽകി കാര്യം സാധിക്കുന്നതിന് താല്പര്യമില്ലാതിരുന്ന പരാതിക്കാരൻ ഈ വിവരം വയനാട് വിജിലൻസ് ഡെപ്യൂട്ടി പോലീസ് സൂപ്രണ്ടിനെ അറിയിക്കുകയും, അദ്ദേഹത്തിന്റെ നേതൃത്വത്തിലുള്ള വിജിലൻസ് സംഘം കെണിയൊരുക്കി നിരീക്ഷിച്ച വരവേ ഇന്ന് (15.05.2025) പകൽ 12.30 മണിക്ക് മുട്ടിൽ പഞ്ചായത്ത് ബസ്സ് സ്റ്റാന്റിൽ വച്ച് പരാതിക്കാരനിൽ നിന്നും 10,000/- രൂപ കൈക്കൂലി വാങ്ങവേ മുട്ടിൽ കെ.എസ്സ്.ഇ.ബി ഓവർസിയറായ ചെല്ലപ്പനെ വിജിലൻസ് സംഘം കൈയ്യോടെ പിടികൂടുകയാണുണ്ടായത്.

കൊട്ടാരക്കര സ്വദേശിയും കശുവണ്ടി വ്യവസായിയുമായ പരാതിക്കാരന്, കശുവണ്ടി വ്യവസായ സ്ഥാപനത്തിന് ടേണോവർ കൂടുതലാണെന്നും, കണക്കുകളിൽ വ്യാജ രേഖകൾ കാണിച്ച് പണം കൂടുതലും വിദേശത്താണ് ഉപയോഗിക്കുന്നത് എന്നും മറ്റും കാണിച്ച് കൊച്ചി എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റിൽ നിന്നും 2024-ൽ ഒരു സമൻസ് ലഭിച്ചിരുന്നു. അത് പ്രകാരം കൊച്ചി ഇ.ഡി ഓഫീസിൽ ഹാജരായ പരാതിക്കാരനോട് വളരെ വർഷങ്ങൾക്ക് മുമ്പ് നടത്തിയ ബിസിനസുകളുടെ രേഖകളും കണക്കുകളും ഹാജരാക്കാൻ ആവശ്യപ്പെടുകയും, അല്ലാത്ത പക്ഷം കേസെടുക്കുമെന്നും മറ്റും പറഞ്ഞിരുന്നു. തുടർന്ന് ഇ.ഡി ഓഫീസിലെ ഏജന്റാണെന്ന് പറഞ്ഞ് വിൽസൺ പരാതിക്കാരനെ പല പ്രാവശ്യം ഫോണിൽ വിളിക്കുകയും, നേരിൽ കാണുകയും ചെയ്യുകയും, കേസിൽ നിന്ന് ഒഴിവാക്കുന്നതിന് രണ്ട് കോടി രൂപ ഇ.ഡി ഉദ്യോഗസ്ഥർ ആവശ്യപ്പെടുന്നു എന്നും മറ്റും പറയുകയും ചെയ്തു. ഇ.ഡി ഓഫീസുമായുള്ള തന്റെ ബന്ധം തെളിയിക്കുന്നതിലേക്ക് ഓഫീസിൽ നിന്നും വീണ്ടും സമൻസ് അയപ്പിക്കാമെന്ന് ഏജന്റായ വിൽസൺ പരാതിക്കാരനോട് പറയുകയും, 14.05.2025 തീയതി വീണ്ടും പരാതിക്കാരന് സമൻസ് ലഭിക്കുകയും ചെയ്തു. ഇതിനെ തുടർന്ന് ഏജന്റായ വിൽസൺ പരാതിക്കാരനെ ഇ.ഡി ഓഫീസിനടുത്തുള്ള റോഡിൽ വച്ച് കാണുകയും, കേസ് സെറ്റിൽ ചെയ്യുന്നതിന് 50 ലക്ഷം രൂപ വീതം 4 തവണകളായി 2 കോടി രൂപ ആക്സിസ് ബാങ്കിന്റെ മുംബൈയിലുള്ള അക്കൗണ്ടിൽ ഇട്ട് നൽകണമെന്നും കൂടാതെ 2 ലക്ഷം രൂപ പണമായി നേരിട്ട് വിൽസനെ ഏൽപ്പിക്കണമെന്നും, 50,000/- രൂപ കൂടി അധികമായി അക്കൗണ്ടിൽ ഇട്ട് നൽകണമെന്നും പറയുകയും, അക്കൗണ്ട് നമ്പർ പരാതിക്കാരന് കൊടുക്കുകയും ചെയ്തു. കൈക്കൂലി നൽകി കാര്യം സാധിക്കുന്നതിന് താല്പര്യമില്ലാതിരുന്ന പരാതിക്കാരൻ ഈ വിവരം എറണാകുളം വിജിലൻസ് ഡെപ്യൂട്ടി പോലീസ് സൂപ്രണ്ടിനെ അറിയിക്കുകയും, അദ്ദേഹത്തിന്റെ നേതൃത്വത്തിലുള്ള വിജിലൻസ് സംഘം കെണിയൊരുക്കി നിരീക്ഷിച്ച വരവേ ഇന്നലെ (15.05.2025) വൈകിട്ട് 03.30 മണിക്ക്

പനമ്പള്ളിനഗറിൽ വച്ച് പരാതിക്കാരനിൽ നിന്നും 2,00,000/- രൂപ കൈക്കൂലി വാങ്ങവേ ഇ.ഡി ഏജന്റായ വിൽസണെ വിജിലൻസ് സംഘം കൈയ്യോടെ പിടികൂടുകയാണുണ്ടായത്. തുടർന്ന് പ്രതി വിൽസണെ ചോദ്യം ചെയ്തതിൽ മറ്റൊരു പ്രതിയായ രാജസ്ഥാൻ സ്വദേശി മുരളി മുകേഷിന്റെ പങ്ക് വെളിവാകുകയും, മുരളി മുകേഷിനെയും അറസ്റ്റ് ചെയ്യുകയും ചെയ്തു.

കോഴിക്കോട് ജില്ലയിലെ വടകര പാക്കയിൽ ജെ.ബി യു.പി സ്കൂളിലെ അദ്ധ്യാപികയായ പരാതിക്കാരി പി.എഫ് അക്കൗണ്ടിൽ നിന്നും 3 ലക്ഷം രൂപ നോൺ റീഫണ്ടബിൾ അഡ്വാൻസായി ലഭിക്കുന്നതിന് 28.03.2025 തീയതി അപേക്ഷ നൽകിയിരുന്നു. സ്കൂളിലെ ഹെഡ് മാസ്റ്ററായ ഇ.വി രവീന്ദ്രൻ പി.എഫ് അക്കൗണ്ട് മാറി നൽകുന്നതിനുള്ള നടപടി ക്രമം ചെയ്യുന്നതിന് 1 ലക്ഷം രൂപ കൈക്കൂലി അദ്ധ്യാപികയോട് ആവശ്യപ്പെടുകയും പി.എഫ് അഡ്വാൻസ് മാറികിട്ടുന്നതിനുള്ള നടപടി ക്രമം വൈകിപ്പിക്കുകയും ചെയ്തു. കൈക്കൂലി നൽകി കാര്യം സാധിക്കുന്നതിന് താല്പര്യമില്ലാതിരുന്ന പരാതിക്കാരി ഈ വിവരം കോഴിക്കോട് വിജിലൻസ് ഡെപ്യൂട്ടി പോലീസ് സൂപ്രണ്ടിനെ അറിയിക്കുകയും, അദ്ദേഹത്തിന്റെ നേതൃത്വത്തിലുള്ള വിജിലൻസ് സംഘം കെണിയൊരുക്കി നിരീക്ഷിച്ചു വരവേ ഇന്ന് (16.05.2025) വൈകിട്ട് 07.00 മണിക്ക് വടകര പി.ഡബ്ലിയു.ഡി റസ്റ്റ് ഹൗസിന് മുന്നൽ വച്ച് പരാതിക്കാരിയിൽ നിന്നും 10,000/- രൂപ നോട്ടായും 90,000/- രൂപ ചെക്കായും കൈക്കൂലി വാങ്ങവേ വടകര പാക്കയിൽ ജെ.ബി യു.പി സ്കൂളിലെ ഹെഡ് മാസ്റ്ററായ ഇ.വി.രവീന്ദ്രനെ വിജിലൻസ് സംഘം കൈയ്യോടെ പിടികൂടുകയാണുണ്ടായത്. അറസ്റ്റ് ചെയ്ത പ്രതിയെ കോഴിക്കോട് വിജിലൻസ് കോടതിയിൽ ഹാജരാക്കും.

പൊതുജനങ്ങളുടെ ശ്രദ്ധയിൽ അഴിമതി സംബന്ധിച്ച വിവരങ്ങൾ ലഭിക്കുകയാണെങ്കിൽ, വിജിലൻസിന്റെ ടോൾ ഫ്രീ നമ്പറായ 1064 എന്ന നമ്പറിലോ , 8592900900 എന്ന നമ്പരിലോ, വാട്സ് ആപ്പ് നമ്പരായ 9447789100 എന്ന നമ്പരിലോ അറിയിക്കണമെന്ന് വിജിലൻസ് ഡയറക്ടർ ശ്രീ. മനോജ് എബ്രഹാം ഐ.പി.എസ്സ് അഭ്യർത്ഥിച്ചു.